58

# മന്ത്രവാദത്തിന്റെ വെല്ലുവിളി

## (19:8- 20)

"ഒക്കൾട്ട്" എന്ന വാക്ക് ലാറ്റിൻ വാക്കായ *ഒക്കൾട്ട്സ്* എന്നതിൽ നിന്നാണ് വരുന്നത്, അർത്ഥം "ഗുപ്തമായ," അല്ലെങ്കിൽ മറച്ചു വച്ച മർമ്മം അഥവാ അറിവ് എന്നാണ്. നിഘണ്ടു "ഒക്കൾട്ട്" ഈ രീതിയിൽ നിർവ്വചിക്കുന്നു:

1. അസാധാരണമായ സ്വാധീനവുമായി, ബന്ധപ്പെട്ട, ഏജൻസി കൾ, അല്ലെങ്കിൽ സിദ്ധാന്തം.
2. പരിശോധിക്കാൻ കഴിയാത്തതും മനുഷ്യധാരണക്കപ്പുറ ത്തേതും.
3. മുന്നിട്ടിറങ്ങുന്നവർക്ക്; രഹസ്യമായി ലഭിക്കുന്നത്.[1]

മൂന്നു തലവാചകങ്ങളിൽ ആവർത്തനപുസ്തകം 18:9-14 വരെയുള്ള വേദഭാഗത്ത് ധാരാളം മന്ത്രവാദങ്ങൾ പരിശീലിച്ചിരുന്നതായി പറയുന്നു: (1) ലക്ഷണം പറയൽ (ഭാവി പറയൽ, കൈരേഖ ശാസ്ത്രം അടക്കം); (2) മന്ത്രവാദം (ബാധ ഒഴിപ്പിക്കൽ അടക്കം); (3) ആത്മാക്കളെ വരുത്തൽ. എല്ലാം ദൈവം വിലക്കിയിരിക്കുന്നു (പുറപ്പാട് 22:18; ലേവ്യാപുസ്തകം 19:31; 20:6, 27; യെശയ്യാവ് 47:13, 14). *ഭാഗ്യം വില്ക്കുന്നവരുടെ പുസ്തകത്തിൽ,* ഗാരി വിൽബൺ അദ്ദേഹത്തിന്റെ 20-ാം നൂറ്റാണ്ടിലെ മന്ത്രവാദപ്രകടനങ്ങളെ ഈ മൂന്നു തലവാചക്കങ്ങളിൽ പറഞ്ഞിരിക്കുന്നു: (1) ജ്യോതിഷം (ഭാവി അറിയിക്കരുത്, ജ്യോത്സ്യം); (2) മന്ത്രവാദം (വശീകരണം അടക്കം); (3) വെളിച്ചപ്പാട് (ലക്ഷണം പറയൽ, കൈരേഖ നോക്കൽ, മുഹൂർത്തം നോക്കൽ തുടങ്ങിയവ).[2] കർത്താവു വ്യക്തമായി വിലക്കിയതാണെങ്കിലും പുതിയ നിയമകാലത്തും ഇന്നും മന്ത്രവാദം കൊഴുത്തു വളർന്നിരിക്കയാണ്.

പൗലൊസിന്റെ കാലത്ത്, മന്ത്രവാദത്തിന്റെ കേന്ദ്രസ്ഥാനമായിരുന്നു എഫെസൊസ്. അഥേനക്കാരുടെ ജീവിതം ബുദ്ധിശക്തിയിൽ ചുറ്റിപ്പറ്റിയിരുന്നെങ്കിൽ കൊരിന്ത്യരുടെ - ദൈന - ന്ദിന ജീവിതം ദുർന്നടപ്പിനു ചുറ്റും ആയിരുന്നു, എഫെസ്യരുടെ ജീവിതം ആണെങ്കിൽ അവതാര

ങ്ങളെ ചുറ്റിപ്പറ്റി ആയിരുന്നു. മന്ത്രവാദികൾ, ജ്യോതിഷക്കാർ, മുഹൂർത്ത ക്കാർ, വെളിച്ചപ്പാടന്മാർ, ഭവിഷ്യവക്താക്കൾ എന്നിവരെക്കൊണ്ടു നിറ ഞ്ഞിരുന്നു. എഫെസ്യർ മാനസികമായ അഹംഭാവത്താലോ ദാർശനിക ബാധയിൽ നിന്നുള്ള അവ്യക്തതയാലോ അവർ വിഷമിച്ചിരുന്നില്ല.

അന്നത്തെ ഭാഷയോട് സംശയാസ്പദമായ ആദരവ് കൊരിന്ത്യർ കൂട്ടിച്ചേർക്കാൻ തുനിഞ്ഞതായി നാം മുൻപു കണ്ടു ("കൊരിന്ത്യനൈസ്" ദുർന്നടപ്പ് ആചരിക്കുക). അതുപോലെ, എഫെസ്യരും അവരുടെ അക്ഷരമാലയോട് ചേർക്കുകയുണ്ടായി: മന്ത്രവാദങ്ങൾ, ജ്യോതിഷം, മുഹൂർത്തം എന്നിവ ശേഖരിച്ച് "എഫെസ്യർ ലെറ്റേഴ്സ്" എന്നു വിളി ച്ചിരിക്കുന്നു. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ഷെയ്ക്സ്പിയർ എഫെസ്യ രുടെ കീർത്തിയെ ഇങ്ങനെ ചുരുക്കി പറഞ്ഞു:

> ഈ പട്ടണം വഞ്ചന കൊണ്ട് നിറഞ്ഞിരിക്കുന്നു എന്നു അവർ പറയുന്നു,[3] കണ്ണിനെ പറ്റിക്കുന്ന, ചുറുചുറുക്കുള്ള ഇന്ദ്രജാലക്കാരായതുകൊണ്ട്,[4] ഇരുണ്ട - ക്ഷുദ്രോപയോഗം ചെയ്തു മനസുകളെ മാറ്റുന്നു, ആത്മാക്കളെ കൊല്ലുന്ന മന്ത്രവാദം ശരീരത്തെയും നശിപ്പിക്കുന്നു, വേഷം മാറിയ ചതിയന്മാർ, ബഡായി ചിലമ്പുന്നവരും, അനേകം അതുപോലെയുള്ള സ്ത്രീലമ്പടന്മാരായവർ പാപത്തിലുമുണ്ട്.[5]

ലൗകിക ഉറവിടങ്ങൾ എഫെസൊസിന്റെ ആത്മാവിന്റെ ലോക ത്തിലെ കൃത്യാന്തരത്തെ കുറിച്ചു പറയുന്നില്ലെങ്കിലും, തിരുവെഴുത്തിൽ നിന്നു അവ കണ്ടെത്താം. പ്രവൃത്തികൾ 19:19-ൽ എഫെസൊസിലെ പൗലൊസിന്റെ ശുശ്രൂഷയിൽ, "ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങൾ കൊണ്ടു വന്നു എല്ലാവരും കാൺകെ കത്തിച്ചു കളഞ്ഞു; അവയുടെ വില കണക്കു കൂട്ടിയാറെ അമ്പതിനായിരം വെള്ളിക്കാശ് ആയിരുന്നു." അമ്പതിനായിരം വെള്ളിക്കാശ് ഒരു ചെറിയ ഭാഗ്യമായിരുന്നു, ഇന്നത്തെപ്പോലെ. നൂറുകണക്കിന്, ആയിര ക്കണക്കിന് ചുരുളുകൾ നിറയെ മന്ത്രവാദ രഹസ്യങ്ങൾ, പ്രശ്നങ്ങൾ, മുഹൂർത്തങ്ങൾ, അനുഗ്രഹങ്ങളും, ശാപങ്ങളും അടങ്ങുന്നതെല്ലാം കത്തിച്ചു കളഞ്ഞു.

ഈ പാഠത്തിൽ, പൗലൊസ് മൂന്നുവർഷം എഫെസൊസിലായിരുന്ന പ്പോൾ സംഭവിച്ചതു നാം തുടർന്നു പഠിക്കും. ആ പട്ടണത്തിലെ ഇരുണ്ട അന്ധവിശ്വാസങ്ങളാൽ മൂടപ്പെട്ട മനസുള്ള ആളുകളോട് ദൈവം എങ്ങനെ ഇടപെട്ടു എന്നു പ്രത്യേകമായി നാം മനസിലാക്കും.

### പഴയ ഒരു വെല്ലുവിളി (19:8-10)

മന്ത്രവാദത്തിന്റെ വെല്ലുവിളി നാം പഠിക്കുന്നതിനു മുൻപ്, പൗലൊസ് തന്റെ സ്വന്ത നാട്ടുകാരനെ ഉപദേശിക്കുന്ന വെല്ലുവിളി, എങ്ങനെ നേരിടുന്നു എന്നു നാം പരിഗണിക്കേണ്ടതുണ്ട്.

തന്റെ രണ്ടാം യാത്രയുടെ അവസാനം പൗലൊസ് എഫെസൊസിൽ ചുരുങ്ങിയ സന്ദർശനം നടത്തി, പൗലൊസ് പള്ളിയിൽ പ്രസംഗിക്കയും

ആളുകൾ അവനോട് കുറേക്കൂടെ താമസിക്കണമെന്നു അപേക്ഷിച്ച പ്പോൾ ദൈവഹിതമെങ്കിൽ, വീണ്ടും വരാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു (18:19–21). അവൻ ഇപ്പോൾ ആ വാഗ്ദാനം നിറവേറ്റി. "പിന്നെ അവൻ പള്ളിയിൽ ചെന്നു ദൈവരാജ്യത്തെക്കുറിച്ചു സംവാദിച്ചും സമ്മ തിപ്പിച്ചും കൊണ്ട് മൂന്നു മാസത്തോളം പ്രസംഗിച്ചു" (19:8). പള്ളിയിൽ മൂന്നുമാസം തുടർച്ചയായി അടിയോ ചവിട്ടോ കൊള്ളാതെ പൗലൊ സിനെ പ്രസംഗിക്കാൻ അനുവദിച്ചത് പൗലൊസിന് ഒരു റെക്കോർഡ് തന്നെയാണ്![6] അത്രയും നാൾ തുടർച്ചയായി പ്രസംഗിക്കാൻ അവനെ അനുവദിച്ചത് ഒരുപക്ഷേ ആദ്യ സന്ദർശനത്തിൽ അവൻ കാണിച്ച നല്ല പ്രകടനം കൊണ്ടായിരിക്കാം.[7]

പൗലൊസിന്റെ പള്ളിയിലെ പ്രസംഗം, "ദൈവരാജ്യത്തെക്കുറിച്ചു സംവാദിച്ചും സമ്മതിപ്പിച്ചും ആയിരുന്നു" (വാക്യം 8). "ദൈവരാജ്യം" എന്ന പദപ്രയോഗം മശിഹയേയും അവന്റെ രാജ്യത്തേയും കുറിച്ചു പറ യുന്ന മറ്റൊരു രീതിയാണ് (28:31 നോക്കുക). പൗലൊസ് ആളുകളോട് യേശുവിനേയും അവന്റെ സഭയേയും കുറിച്ചു സംസാരിച്ചു.[8]

പൗലൊസിന്റെ പള്ളിയിലെ ആദ്യ സ്വീകരണം സാധാരണയേക്കാൾ നന്നായിരുന്നു, അവസാനഫലവും അങ്ങനെയായിരുന്നു. ചില യെഹൂ ദന്മാർ "കഠിനപ്പെട്ടു അനുസരിക്കാതെ"[9] പുരുഷാരത്തിന്റെ മുമ്പാകെ "ഈ മാർഗ്ഗത്തെ ദുഷിച്ചു"[10] (19:9). "മാർഗ്ഗം" എന്ന പദപ്രയോഗം ക്രിസ്ത്യാ നിത്വത്തെ സൂചിപ്പിക്കുന്നു ("വഴി" *യായ*, യേശുവിനെ അനുഗമിക്കൽ [യോഹന്നാൻ 14:6; എംഫസിസ് മൈൻ]). അവിശ്വാസികളായ യെഹൂദ ന്മാർ യേശുവിനെ പരസ്യമായി ദുഷിച്ചപ്പോൾ, പൗലൊസ് പള്ളി വിട്ടു പോകാൻ സമയമായി എന്നു തീരുമാനിച്ചു (മത്തായി 7:6). അതുകൊണ്ട് "അവൻ അവരെ വിട്ടു ശിഷ്യന്മാരെ വേർതിരിച്ചു" (പ്രവൃത്തികൾ 19:9) – അതായത്, മശിഹയെയും അവന്റെ രാജ്യത്തെയും കുറിച്ചുള്ള ഉപ ദേശം സ്വീകരിച്ചവർ.

ഫിലിപ്പിയയിൽ, പൗലൊസ് പുഴക്കരികിൽ വെച്ചു പഠിപ്പിച്ചു; അഥേന യിൽ, അരയോഗപക്കുന്നിൽ അഗോറയിൽ വെച്ചും; കൊരിന്തിൽ, തിത്തൊസ് യെസ്തോസിന്റെ താമസസ്ഥലത്ത് രഹസ്യമായിട്ടും ആയിരുന്നു. എഫെസൊസിൽ, പ്രസംഗിക്കുവാൻ ഒരു പാഠശാല തന്നെ കണ്ടെത്തി.[11] അവർ ദിനമ്പ്രതി "തുറന്നൊസിന്റെ പാഠശാലയിൽ[12] സംവാ ദിച്ചു പോന്നു" (വാക്യം 9). തുറന്നൊസ് (അവനെക്കുറിച്ചു കൂടുത ലൊന്നും അറിഞ്ഞു കൂടാ). ഒരു ഹാൾ വാടകക്കോ മറ്റോ പൗലൊസിനു കൊടുത്തതാകാം.[13] "ടിറന്റ്" എന്നതിനുള്ള ലത്തീൻ വാക്കാണ് "തുറ ന്നൊസ്." തുറന്നൊസ് തന്റെ തന്നെ സ്ക്കൂളിൽ പഠിപ്പിച്ചിരുന്നെങ്കിൽ, അതു അവന്റെ വിദ്യാർത്ഥികൾ വിളിച്ചിരുന്ന വിളിപ്പേരായിരുന്നു![14]

പൗലൊസിന്റെ ഉപദേശത്തെക്കുറിച്ച് രസാവഹമായ നോട്ട് വെസ്റ്റേൺ ടെക്സ്റ്റ് നല്കുന്നുണ്ട്: "അവൻ അഞ്ചാം മണി നേരം മുതൽ പത്താം മണി നേരം വരെ ... ദിവസേന അവൻ പഠിപ്പിച്ചു."[15] "അഞ്ചാം മണി മുതൽ പത്താം മണി വരെ" എന്നതു രാവിലെ 11 മണി മുതൽ വൈകുന്നേരം 4 മണി വരെയാകും. ആ ഭാഗത്തുള്ളവർ വിശ്രമിക്കാൻ എടുക്കുന്ന സമയമാണത്.[16] സാധാരണ ജോലി സമയം കാലത്ത് 7 മുതൽ

11 മണി വരെയാണ്, പിന്നെ വൈകുന്നേരം 4 മണി മുതൽ 9.30 വരെയാണ്. മദ്ധ്യാഹ്ന സമയത്ത് ഒരു അഞ്ചു - മണിക്കൂർ, വിശ്രമ സമയത്ത് ഹാൾ ഉപയോഗിക്കാത്തതുകൊണ്ട്, ക്രിസ്തുവിനെക്കുറിച്ചു പഠിക്കാൻ താല്പ ര്യപ്പെടുന്നവരെ പൗലൊസ് പഠിപ്പിച്ചു.

പിന്നീട്, പൗലൊസ് എഫെസൊസിൽ തനിക്കും കൂടെയുള്ളവർക്കും ചെലവിനു സ്വന്ത കൈകൊണ്ട് അദ്ധ്വാനിച്ചു (20:34). കൂടാതെ, അവൻ പരസ്യമായി മാത്രമല്ല, വീടുകൾ തോറും പഠിപ്പിക്കുകയുണ്ടായി (വാക്യം 20) - പകൽ സമയത്ത് മാത്രമല്ല, രാത്രിയിലും (വാക്യം 31). പിന്നെ, പൗലൊസിന്റെ ദിനചര്യ, ഏതാണ്ട് ഇതുപോലെയാണ്: കാലത്ത് 7 മുതൽ 11 മണി വരെ, കൂടാര നിർമ്മാണം (ഒരുപക്ഷേ അക്വിലാസിന്റെയും പ്രിസ്കില്ലയുടെയും പണിപ്പുരയിലാകാം); 11 മണി മുതൽ 4 മണി വരെ, തുറന്നൊസിന്റെ പാഠശാലയിൽ ദൈവവചനം പഠിപ്പിച്ചു; 4 മണി മുതൽ 9.30 വരെ, വീണ്ടും കൂടാരം പണിതു; 9.30 മുതൽ അർദ്ധരാത്രി 12.30 വരെ, വീടുകൾ തോറും ദൈവ വചനം പഠിപ്പിച്ചു. ഇതു പൗലൊസിനെക്കു റിച്ചു ചിലതു പറയുന്നു: അവൻ ദൈവവചനം പഠിപ്പിക്കുവാൻ ഇഷ്ട പ്പെട്ടിരുന്നു!

പൗലൊസ് തുറന്നൊസിന്റെ പാഠശാലയിൽ പഠിപ്പിച്ച സമയം അവി ടെയുള്ള ആളുകളെപ്പറ്റി ചിലതു പറയുന്നുണ്ട്: അവർ വചനം *പഠിക്കു വാൻ* താല്പര്യപ്പെട്ടു. എല്ലാ ദിവസവും അവരുടെ സ്നേഹിതരും അയൽക്കാരും ഉച്ചയുറക്കത്തിലായിരുന്നപ്പോൾ, അവർ പൗലൊസിനെ ശ്രദ്ധിച്ചു! നാം എഫെസൊസിലാണ് താമസിച്ചിരുന്നതെങ്കിൽ, നാം വചനം പഠിക്കുവാൻ താല്പര്യപ്പെടുമോ? *നാം* ജീവിക്കുന്ന സ്ഥലത്ത് വചനം പഠിക്കുവാൻ നമുക്ക് ഉത്സാഹമുണ്ടോ?

വാക്യം 10 പറയുന്നു "ഇതു രണ്ടു വർഷം നടന്നു." ഈ രണ്ടു വർഷവും മൂന്നുമാസവും പൗലൊസ് പള്ളിയിൽ ഉപദേശിച്ചു വന്നു (വാക്യം 8), കൂടാതെ (ഒരുപക്ഷേ) "കുറെക്കാലം" എന്ന് 22-ാം വാക്യ ത്തിൽ പറയുന്നതും ചേർത്താൽ മൊത്തം ഏതാണ്ട് "മൂന്നു വർഷ ത്തോളം" പൗലൊസ് പിന്നീട് പറയുന്നുണ്ട് (20:31). പൗലൊസിന്റെ പ്രത്യേക മിഷണറി യാത്രയിൽ അവർ ഏറ്റവും കൂടുതൽ ഒരു പ്രദേ ശത്ത് താമസിച്ചിട്ടുള്ളത് ഇവിടെയാണ്, അതു സൂചിപ്പിക്കുന്നത് അവന് എഫെസൊസിൽ ലഭിച്ച പ്രത്യേക അവസരമാണ് (1 കൊരിന്ത്യർ 16:9).

പൗലൊസിന്റെ പരിശ്രമഫലമായി, വചനം എഫെസൊസിൽ മാത്ര മല്ല, ആസ്യയുടെ റോമൻ പ്രദേശങ്ങളിലെല്ലാം വ്യാപിച്ചു, "ആസ്യയിൽ പാർക്കുന്ന യെഹൂദന്മാരും യവനന്മാരും, എല്ലാ കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി" (പ്രവൃത്തികൾ 19:10). പൗലൊസിന്റെ ശത്രുക്കൾ പിന്നീട് പറഞ്ഞു, "എഫെസൊസിൽ മാത്രമല്ല, മിക്കവാറുംആസ്യയിൽ ഒക്കെയും, വളരെ ജനങ്ങളെ സമ്മതിപ്പിച്ചു, ..." (വാക്യം 26). ഈ സമയ ത്തായിരിക്കണം, ഒരുപക്ഷേ, ആസ്യയിലെ മിക്കവാറും എല്ലാറ്റിൽ "ഏഴു സഭകളും" സ്ഥാപിക്കപ്പെട്ടത് (വെളിപ്പാട് 1:11), കൂടാതെ കൊലൊസ്യയി ലേയും ഹിരാപൊലിയിലേയും (കൊലൊസ്യർ 1:2; 4:13).[17]

എല്ലാ സുവിശേഷഘോഷണവും പൗലൊസ് അല്ല നടത്തിയത്. ബുദ്ധിയുള്ള അദ്ധ്യക്ഷൻ എപ്പോഴും മറ്റുള്ളവരെ പരിശീലിപ്പിച്ച് ഉത്തേ

ജിപ്പിച്ച് വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. എഫെസ്യയിലെ ശുശ്രൂഷയിൽ പൗലൊസിനോടുകൂടെ തിമൊഥെയൊസും തിത്തൊസും ഉണ്ടായിരുന്നതായി നാം മുൻപുകണ്ടു. അതുപോലെ സഹോദരനായിരുന്ന യെരസ്തൊസും (പ്രവൃത്തികൾ 19:22), സോസ്തെനോസ് എന്ന ഒരു ക്രിസ്ത്യാനിയും അവനോടുകൂടെ പ്രവർത്തിച്ചിരുന്നു (1 കൊരിന്ത്യർ 1:1, 2). കൂടാതെ, കൊലൊസ്യയിൽ നിന്നുള്ള രണ്ടു സഹോദരന്മാരും - എപ്പഫ്രാസും അർക്കിപ്പൊസും - പൗലൊസിനാൽ പരിശീലിപ്പിക്കപ്പെട്ട് കല്പന കൊടുത്തവരായിരുന്നു എന്നു സ്പഷ്ടം (കൊലൊസ്യർ 1:7, 8; 4:12, 13, 17; ഫിലെമോൻ 2, 23). അതുപോലെ "മക്കെദോന്യയിൽ നിന്നും പൗലൊസിന്റെ കൂട്ടുയാത്രക്കാരായി," ഗായോസും അരിസ്തർഹോസും ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട് (പ്രവൃത്തികൾ 19:29), ആസ്യയിൽ അവനോടു കൂടെ കുറെ നാൾ പ്രവർത്തിച്ചു - പൗലൊസിന്റെ സുവിശേഷഘോഷണത്തിൽ സ്നേഹിതരായിരുന്ന അക്വിലാസിനെയും പ്രിസ്കില്ലയേയും നാം മറക്കരുത് (18:18, 19, 26).[18]

എഫെസൊസിലെ പൗലൊസിന്റെ പരസ്യമായ ദൈവവചനോപദേശങ്ങൾ അധികവും, തുറന്നൊസിന്റെ പാഠശാലയിലായിരിക്കണം നടന്നത് (പ്രവൃത്തികൾ 19:9, 10). ആ ദേശത്ത് ഉള്ള വിദ്യാർത്ഥികൾ അവന്റെ അടുക്കൽ വന്നു പഠിച്ചു. അവർ കേട്ട വചനം പിന്നെ അവരുടെ സ്വന്ത പട്ടണങ്ങളിലേക്കു കൊണ്ടുപോയി. ഉദാഹരണമായി, പൗലൊസ് വ്യക്തിപരമായി കൊലൊസ്യർ, ലവൊദിക്യ തുടങ്ങിയ ആ പ്രദേശത്തെ പട്ടണങ്ങൾ സന്ദർശിച്ചിട്ടില്ലെങ്കിലും (ലവൊദിക്യക്കടുത്തുള്ള, ഹിരാപ്പൊലിയും) (കൊലൊസ്യർ 2:1). സുവിശേഷം കൊലൊസ്യയിലേക്കും, ഒരുപക്ഷേ ലവൊദിക്യ ഹിരാപ്പൊലി എന്നിവിടങ്ങളിലേക്കും എത്തിച്ചതു, എപ്പഫ്രാസ് ആയിരുന്നേക്കാം[19] (കൊലൊസ്യർ 1:7, 8; 4:12, 13).

പൗലൊസിനും സഹപ്രവർത്തകർക്കും ഉണ്ടായിരുന്ന എരിവ് നമുക്ക് ഉണ്ടായിരുന്നെങ്കിൽ എങ്ങനെയിരിക്കും എന്നു ഞാൻ ആശിക്കയാണ്! പിന്നെ നമ്മുടെ പ്രദേശത്തുള്ള "എല്ലാവരും കർത്താവിന്റെ വചനം കേട്ടിരിക്കുന്നു" എന്നു പറയും.

## പുതിയ ഒരു വെല്ലുവിളി (19:11-20)

മന്ത്രവാദത്തിന്റെ വെല്ലുവിളി, എന്ന പൗലൊസിന്റെ എഫെസൊസിലെ വെല്ലുവിളിയിലേക്ക് നാം എത്തിയിരിക്കയാണ്. പൗലൊസ് മുൻപു ഒരു ആഭിചാരകനെ നേരിട്ടിട്ടുണ്ട് (13:6-11) ഭൂതം ബാധിച്ച് ഒരു സ്ത്രീയെയും (16:16-18), എന്നാൽ അവൻ ക്ഷുദ്രപ്രയോഗിയെ കണ്ടുമുട്ടിയിരുന്നില്ല, അതുപോലെ എഫെസൊസിൽ നിറഞ്ഞു നിന്ന അന്ധവിശ്വാസവും.

### പൗലൊസിനെ ചുമതലപ്പെടുത്തി

ദൈവം മനുഷ്യനു ആജ്ഞ കൊടുക്കുമ്പോൾ, അതു നടപ്പിൽ വരുത്തുവാൻ ആവശ്യമായതെല്ലാം അവൻ മനുഷ്യനു നല്കും. ദൈവം പൗലൊസ് മുഖാന്തരം അത്ഭുതം പ്രവർത്തിച്ചിരുന്നു (14:8-10; 2 കൊരിന്ത്യർ 12:12 ഉം നോക്കുക), എന്നാൽ ക്ഷുദ്ര പ്രയോഗ - പൂരിതമായ,

മന്ത്രവാദവുമായി - ബന്ധപ്പെട്ട, എഫെസൊസിലെ ഒരു സമൂഹത്തെ യാണ് പൗലൊസ് അഭിമുഖീകരിച്ചത്, ദൈവം അവന്നു അതിനേക്കാൾ വലിയ ശക്തി നല്കി: "പൗലൊസ് മുഖാന്തരം *അസാധാരണ വീര്യ* പ്രവൃത്തികളെ ചെയ്യിക്കയാൽ" (പ്രവൃത്തികൾ 19:11; എംഫസിസ് മൈൻ). അവയുടെ സ്വഭാവത്താൽ, എല്ലാ അത്ഭുതങ്ങളും അസാധാരണമായിരുന്നു. ഈ അത്ഭുതങ്ങൾ, അതുകൊണ്ട്, അസാധാരണമായിരുന്നു.

അത്ഭുതം നടന്ന രീതിയുടെ ഫലങ്ങളിൽ അസാധാരണത്വം ഇല്ലായിരുന്നു: "അവന്റെ മെയ്മേൽ നിന്നു റൂമാലും ഉത്തരീയവും രോഗികളുടെ മേൽ കൊണ്ടു വന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു"[20] (വാക്യം 12). ആളുകൾ വസ്ത്രവും റുമാലും പൗലൊസിന്റെ അടുക്കൽ പ്രാർത്ഥിച്ച് അനുഗ്രഹിക്കേണ്ടതിനു കൊണ്ടുവന്നു എന്നല്ല വേദഭാഗം പറയുന്നത്, മറിച്ചു ഈ "റുമാലും" "ഉത്തരീയവും" പൗലൊസിന്റെ ശരീരത്തിൽ നിന്നു എടുത്തുകൊണ്ടുപോയി രോഗികളുടെ മേൽ ഇട്ടു എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ വസ്ത്രങ്ങൾ ഒരുപക്ഷേ സാധാരണ പൗലൊസ് ധരിച്ചിരുന്നതാകാം. പൗലൊസ് ഉപയോഗിച്ച "റുമാൽ" ഇപ്പോഴത്തെ ചെറിയ ചതുരാകൃതിയിലുള്ള ടവ്വൽ ആയ, ഒരുപക്ഷേ അവൻ കൂടാരം പണിയുമ്പോഴും യാത്രയിലും വിയർപ്പ് തുടക്കുവാൻ ഉപയോഗിച്ച തോർത്തായിരിക്കാം. അത് ഉപയോഗിക്കാത്ത സമയത്ത് തലയിൽ കെട്ടിയിരിക്കും (ഇതും) അതാണ് ആചാരം. ഒരു തർജ്ജിമക്കാർ പറഞ്ഞിരിക്കുന്നത് "വിയർപ്പ് ഒപ്പുന്ന - തുണി" എന്നാണ്[21]; വേറൊന്നു പറയുന്നത്, കൈകളിലെ വിയർപ്പ് "തുടക്കുന്ന - തുണി"[22] എന്നാണ്. "ഉത്തരീയം" ഒരു പക്ഷേ പൗലൊസ് തന്റെ നല്ല വസ്ത്രം മുഷിയാതെ മുകളിൽ ചുറ്റിയ പഴന്തുണിയായിരിക്കാം.[23]

"അസാധാരണമായ" എന്ന വാക്ക് സൂചിപ്പിക്കുന്നത് ഈ രീതിയിലുള്ള സൗഖ്യമാക്കൽ ഒരു നിയമമായിട്ടല്ല, മറിച്ച് ഒഴികഴിവായിട്ട് നടന്നതാണ്, പുതിയ നിയമ കാലയളവിൽ പോലും ഇത് അസാധാരണമായിട്ടേ സംഭവിച്ചിരുന്നുള്ളു. ഞാൻ ഇതു പറയാൻ കാരണം പ്രവൃത്തികൾ 19:12 ദരിദ്രരെയും രോഗികളെയും വഞ്ചിക്കുന്നവർക്കുള്ള "തെളിവാണ്" എന്നതാണ്. ഈ രോഗികൾ "പ്രാർത്ഥിച്ച്" അയച്ചുകൊടുക്കുന്ന റൂമാലും വസ്ത്രവും ഒരുമിച്ചു തുന്നിയാൽ, ലോകത്തിന്റെ മിക്കഭാഗങ്ങളും മൂടാം!

പൗലൊസ് മുഖാന്തരം ദൈവം ചെയ്തതു യേശുക്രിസ്തു വാഗ്ദാനം ചെയ്തതു നിറവേറ്റുകയായിരുന്നു മർക്കൊസ് 16:17, 18: "എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, ... രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൗഖ്യം വരും." "പൗലൊസിന്റെ കയ്യാൽ" കർത്താവു ചെയ്തതാണ്. അത്ഭുതങ്ങൾ അങ്ങനെ അവനോടുകൂടെ കർത്താവ് പ്രത്യേകമായി ഉണ്ടെന്ന് എഫെസൊസിലെ ജനങ്ങൾ അറിയും.

**മന്ത്രവാദികൾ ലജ്ജിതരായി**

പൗലൊസിന്റെ കഴിവുകളിൽ ആകൃഷ്ടരായവർ "മഹാപുരോഹിതനായ, സ്കേവാ എന്ന ഒരു യെഹൂദന്റെ ഏഴു പുത്രന്മാർ ആയിരുന്നു"

(പ്രവൃത്തികൾ 19:14) "മഹാപുരോഹിതൻ" എന്നതു സൂചിപ്പിക്കുന്നത് സ്കേവ മഹാ - പുരോഹിത വംശത്തിലുള്ളവൻ ആയിരുന്നു എന്നാണ്.[24] കുടുംബത്തിനു കൃത്രിമമമായി ഒരു പേരുണ്ടാക്കുവാൻ സ്വയം - കരുതി കൂട്ടിച്ചേർത്ത പദവി ആയിരിക്കാനാണ് കൂടുതൽ സാധ്യത (മരുന്നിൽ കുത്തകാവകാശം ശേഖരിച്ചുകൊണ്ടു പുരാതന പാശ്ചാത്യ അമേരിക്കയിൽ അവരുടെ പേരിനൊപ്പം "ഡോക്ടർ" എന്നോ "പ്രൊഫസർ" എന്നോ ചേർത്തിരുന്നു). "തന്റെ കാലയളവിൽ കണ്ടുപിടിച്ചതുകൊണ്ട് ലൂക്കൊസ് ഈ വാക്കുകൾ ക്വട്ടേഷനകത്തു ഉൾപ്പെടുത്തിയതാകാം."[25]

"സെവെൻ" എന്ന സംഖ്യ ഈ കുടുംബങ്ങളുടെ "ഔര ഓഫ് മിസ്റ്ററി" ആകുന്നത്. ഏഴ് എന്ന സംഖ്യയ്ക്ക് അവർ പ്രത്യേക പ്രാധാന്യം കല്പിച്ചിരുന്നു - യെഹൂദന്മാർ മാത്രമല്ല, അന്ധവിശ്വാസികളും.[26]

"ദേശാന്തരികളായി നടക്കുന്ന മന്ത്രവാദികളായ ചില യെഹൂദന്മാർ" എന്നാണ് ലൂക്കൊസ് ആ ഏഴു പേരെ വിവരിച്ചിരിക്കുന്നത് (വാക്യം 13). ലിപി മാറ്റിയ സംയുക്ത ഗ്രീക്ക് വാക്കാണ് "മന്ത്രവാദി" എന്നത്, "ഔട്ട്" എന്നതും "ഓത്ത്" എന്നതും രണ്ടു വാക്കുകളാണ്.[27] ഇതു പൊതുവിൽ ഭൂതങ്ങളെ "ഔട്ട് വിത്ത് ആൻ ഓത്ത്" എന്നാണ് ദൈവാശ്വാസിയ എഴുത്തുകാരും ലൗകിക എഴുത്തുകാരും എഴുതിയിരിക്കുന്നതു, പുതിയനിയമ കാലയളവിൽ, യെഹൂദന്മാർ അശുദ്ധാത്മാക്കളെ പുറത്താക്കാൻ കഴിയുമെന്ന് അവകാശപ്പെട്ടിരുന്നു (മത്തായി 12:27; ലൂക്കൊസ് 11:19).[28]

13-ാം വാക്യത്തിൽ മാത്രമാണ് "മന്ത്രവാദി" എന്ന വാക്ക് ബൈബിളിൽ ഉള്ളത്.[29] യേശു ഒരു മന്ത്രവാദി ആയിരുന്നില്ല. അവൻ ഭൂതങ്ങളെ പ്രതിജ്ഞയാൽ പുറത്താക്കിയില്ല. അവൻ വെറുതെ പറഞ്ഞു, "മിണ്ടരുത്, അവനെ വിട്ടുപോ ... !" (മർക്കൊസ് 1:25), ആത്മാവ് അവനെ അനുസരിച്ചു.[30] അതുപോലെ, അപ്പൊസ്തലന്മാർ ഭൂതങ്ങളെ പുറത്താക്കിയപ്പോൾ, അവർ അതിനെ ഒരു ഉല്പാദനമാക്കിയില്ല. ആഘോഷമില്ലാതെ, അവൻ പറഞ്ഞു, "അവളെ വിട്ടുപോകുവാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ കല്പിക്കുന്നു ... !" (പ്രവർത്തികൾ 16:18) - അതിൻപ്രകാരം സംഭവിക്കയും ചെയ്തു.[31]

വാസ്തവത്തിൽ ഈ യെഹൂദ "മന്ത്രവാദികൾക്കു" ഭൂതങ്ങളെ പുറത്താക്കാൻ കഴിഞ്ഞോ? സാധ്യമായേക്കാം,[32] എന്നാൽ ഈ ഏഴു പേർ കറ - തീർന്ന - വഞ്ചകരാണെന്നാണ് എനിക്കു തോന്നിയത്[33] - കാരണം താഴെ കൊടുക്കുന്നു: (1) അവരുടെ അടിസ്ഥാന പ്രവൃത്തികൾ നോക്കുക. സത്യസന്ധനായ ഒരാൾ കള്ളന്മാർക്കിടയിൽ വ്യാപാരം നട ത്തുന്നതു ഉപേക്ഷിക്കും. ഈ പുരുഷന്മാർ എഫെസൊസിൽ നിഗൂഢമായ ധനാപഹരണം നടത്തി വരികയായിരുന്നു (2) അവരെപ്പറ്റി "ദേശാന്തരികളായി നടക്കുന്നവൻ" എന്നാണ് പറഞ്ഞിരിക്കുന്നത് (വാക്യം 13). കെ.ജെ.വിയിൽ "അലഞ്ഞു തിരിയുന്നവർ" എന്നാണ്; എൻ.സി.വിയിൽ (ന്യൂ സെഞ്ചുറി വിഷൻ) "ഊരു ചുറ്റി നടക്കുന്നവർ" എന്നാണ്. കൃത്രിമക്കാർക്കു ഒരു സ്ഥലത്ത് തന്നെ കുറെ നാൾ താമസിക്കുന്നത് അപകടമാണ്; അവർ സാധാരണ പൊയ്ക്കൊണ്ടിരിക്കും. (3) ഭൂതങ്ങളെ പുറത്താക്കാൻ അവർ പൗലൊസിന്റെ വാക്കുകളെ ഉപയോഗിച്ചു (വാക്യം 13). അവർക്കു പൗലൊസിനെ പോലെ വിജയിക്കാൻ കഴിഞ്ഞിരുന്നെ

ങ്കിൽ എന്തിനാണീ "മാന്ത്രിക വാക്കുകൾ"? (4) അവിശ്വാസികളായിരുന്ന യെഹൂദന്മാർ, അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും സാത്താനോടു സഖ്യത്തിലായിരുന്നു (വെളിപ്പാട് 2:9). സാത്താൻ സാത്താനെ പുറത്താക്കിയാൽ അവന്റെ രാജ്യം നില നില്ക്കില്ല (മത്തായി 12:26) – സാത്താൻ വിഡ്ഢി*യല്ല*.

പൗലൊസിന്റെ വിജയം കണ്ടിട്ട്, സ്കേവയുടെ പുത്രന്മാർ പൗലൊസിന്റെ "മന്ത്രവാദം" ഉപയോഗിച്ചാൽ വിജയിക്കുമോ എന്ന് തീരുമാ നിച്ചു. അവർ "അശുദ്ധാത്മാക്കൾ ബാധിച്ചവരിൽ കർത്താവായ യേശുവിന്റെ നാമം എടുക്കാൻ ശ്രമിച്ചു" (പ്രവൃത്തികൾ 19:13). അന്ധവിശ്വാസികൾ വിചാരിച്ചത് ചില വാക്കുകൾക്ക് നിഗൂഢമായ മാന്ത്രികശക്തി ഉണ്ടെന്നാണ്. ചുരുളുകളിൽ "രഹസ്യം" നിറഞ്ഞ, നിഗൂഢാർത്ഥമുള്ള അനേകം ഏകസ്വരാക്ഷരഗണങ്ങൾ ഉടമസ്ഥന് അമാനുഷ ശക്തി "ഉറപ്പു" കൊടുക്കുന്നുണ്ട്, അതു അപാര വില കൊടുത്തു വാങ്ങുകയും ചെയ്യും (വാക്യം 19). ആ ഏഴുപേർ വിചാരിച്ചത് പൗലൊസിന്റെ "രഹസ്യ വാക്ക്" "യേശു"[34] എന്നായിരുന്നു എന്നാണ് അവർക്കു വ്യക്തിപരമായി യേശുവിനെ അറിയാൻ കഴിഞ്ഞില്ലെങ്കിലും, അവൻ പറഞ്ഞു, "*പൗലൊസ്* പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ എന്നു പറയാൻ തുടങ്ങി" (വാക്യം 13; എംഫസിസ് മൈൻ).

ഭൂതങ്ങളുടെ പ്രതികരണം റൈ ഹ്യൂമറിനു കാണാൻ കഴിഞ്ഞു:

> ദുരാത്മാവ് അവരോടു[35]: "യേശുവിനെ ഞാൻ അറിയുന്നു പൗലൊസിനെയും പരിചയമുണ്ട്,[36] എന്നാൽ നിങ്ങൾ ആർ?" എന്നു ചോദിച്ചു, പിന്നെ ദുരാത്മാവുള്ള മനുഷ്യൻ അവരുടെ മേൽ ചാടി അവരെ കീഴടക്കി[37] ജയിക്കയാൽ അവർ നഗ്നരും മുറിവേറ്റവരുമായി ആ വീട്ടിൽ നിന്നു ഓടിപ്പോയി (വാക്യങ്ങൾ 15, 16).

അമാനുഷിക ശക്തിയോടുകൂടെ (മർക്കൊസ് 5:2–4), ഭൂത – ബാധിത മനുഷ്യർ മന്ത്രവാദികളാകാതിരിക്കുന്നവരെ ആക്രമിച്ചു,[38] അവരുടെ ജീവനും കൊണ്ട് ഓടുവാൻ നിർബന്ധിക്കുന്നു, അവരുടെ വസ്ത്രം കീറിപ്പോയിരിക്കുന്നു,[39] അവരുടെ ശരീരങ്ങൾ അടിയേറ്റു മുറിവേല്ക്കപ്പെട്ടിരിക്കുന്നു. "അവർ തങ്ങളുടെ ആഘോഷങ്ങൾ [യേശുവിന്റെ നാമം എടുത്തു] പരിചയമില്ലാത്ത ആയുധം ഉപയോഗിച്ചതു കയ്യിലിരുന്നു പൊട്ടിയതുപോലെ സംഭവിച്ചു."[40] ഈ മനുഷ്യർ മനസിലാക്കാതിരുന്നതു യേശുവിന്റെ നാമം വെറുതെ എടുത്താൽ മന്ത്രവാദത്തിന്റെ അറിയപ്പെടാത്ത ശക്തി ലഭിക്കയില്ല എന്നും, വാസ്തവത്തിലുള്ള ശക്തി "അവന്റെ നാമത്തിൽ *വിശ്വസിക്കുന്നതിനാലുമാണ്*" ലഭിക്കുന്നത് എന്നാണ് (പ്രവൃത്തികൾ 3:16; എംഫസിസ് മൈൻ).

**യേശു ഉയർത്തപ്പെട്ടു**

മന്ത്രവാദത്തിന്റെ വലിയ പരാജയം പട്ടണം മുഴുവൻ വ്യാപിച്ചു: "ഇതു എഫെസൊസിൽ പാർക്കുന്ന സകല യെഹൂദന്മാരും യവനന്മാരും അറിഞ്ഞു" (19:17) പൗലൊസ് ദൈവത്താൽ – അംഗീകരിക്കപ്പെടുകയും

അത്ഭുത പ്രവർത്തകർ എന്നു വിളിച്ചിരുന്നവരെ ദൈവം തള്ളുകയും ചെയ്തു. അതിന്റെ ഒരു ഫലം "അവർക്കു ഒക്കെയും ഭയം തട്ടി" എന്ന തായിരുന്നു (വാക്യം 17), അനന്യാസിനെയും സഫീരയെയും ദൈവം ശിക്ഷിച്ചപ്പോൾ യെരുശലേമിൽ ഭയമുണ്ടായി (5:10). മറ്റൊരു ഫലം എന്തെന്നാൽ "കർത്താവായ യേശുവിന്റെ നാമം ഉയർത്തപ്പെട്ടു" ( 19:17). മന്ത്രവാദ പരിശീലകൻ യേശുവിനെ അതിവേഗത്തിൽ അങ്ങനെ എടുക്കുന്നതു അപകടമാണെന്ന് മനസിലാക്കി!

ഈ സംഭവത്തിന്റെ ഏറ്റവും മുഖ്യമായ ഫലങ്ങളിൽ ഒന്ന് ക്രിസ്ത്യാനികളിൽ ചിലർ തങ്ങളുടെ സുബോധത്തിലേക്കു തിരിച്ചു വന്നു എന്നതാണ്. എഫെസ്യയിലെ, ചിലർ ബാല്യം മുതൽ ഈ മന്ത്രവാദത്തിലേക്കു തിരിഞ്ഞിരുന്നതാണ്, ക്രിസ്ത്യാനികളായ ശേഷവും അവരുടെ അക്രൈസ്തവ പരിശീലനം മുഴുവനും നിർത്തിയിരുന്നില്ല. മതവിശ്വാസവും "*മന്ത്രവാദവും*" വാസ്തവത്തിലുള്ള *അത്ഭുതങ്ങളും* പരസ്പരവിരുദ്ധമായിരുന്നു, "വിശ്വസിച്ചവരിൽ അനേകരും വന്നു, തങ്ങളുടെ പ്രവൃത്തികളെ ഏറ്റു പറഞ്ഞു അറിയിച്ചു" (വാക്യം 18).[41] തുടർപ്രവൃത്തികൾ ശ്രദ്ധിക്കുക: "*വേഗം* വന്നു, ഏറ്റുപറയുകയും അറിയിക്കയും ചെയ്തു ... ."[42] ആദ്യം ഒരു ക്രിസ്ത്യാനി മുമ്പോട്ടു വന്നു, കരഞ്ഞുകൊണ്ട് തന്റെ തെറ്റായ പ്രവൃത്തികൾ ഏറ്റു പറഞ്ഞു; പിന്നെ അടുത്തയാൾ; അതിനുശേഷം ഡസൻ കണക്കിന്; പിന്നെ അവസാനം സ്ത്രീപുരുഷന്മാർ തങ്ങളുടെ കഴിഞ്ഞ കാലത്തിൽ സംഭവിച്ച അന്ധവിശ്വാസ പ്രവൃത്തികളെല്ലാം ഏറ്റുപറഞ്ഞിരിക്കും.

"അവരുടെ പ്രവൃത്തികളെ *അറിയിച്ചു*" എന്നതു അടിവരയിടുക. "മന്ത്രവാദം" എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "മറഞ്ഞിരിക്കുന്ന" എന്നാണെന്ന് ഓർക്കുക. ലോക മന്ത്രവാദവ്യാപാരനിക്ഷേപം "രഹസ്യജ്ഞാനം" ആയിരുന്നു (ആണ്), തിരഞ്ഞെടുക്കപ്പെടുന്ന കുറച്ചു പേർക്കു മാത്രം എന്നു കരുതിയിരുന്നു. ആ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതു മന്ത്രവാദ നിയമങ്ങൾ ലംഘിക്കലാണ്.[43]

മന്ത്രവാദത്തിൽ യേശുവിന്റെ നാമം ഉപയോഗിച്ച പരിശ്രമം പാഴായതു സഭയിലുള്ളവരെ മാത്രമല്ല, സഭയ്ക്കു പുറത്തുള്ളവരെയും ബാധിച്ചു.[44] അതുകൊണ്ട് "വിശ്വസിച്ചവരിൽ അനേകരും വന്നു [ക്രിസ്ത്യാനികളും – അക്രൈസ്തവരും ഒരുപോലെ] ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പുസ്തകങ്ങളെ കൊണ്ടുവന്നു എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു; അവയുടെ വില കണക്കു കൂട്ടിയാറെ അമ്പതിനായിരം വെള്ളിക്കാശ് എന്നുകണ്ടു" (വാക്യം 19). ഇവ മന്ത്രങ്ങൾ, അനുഗ്രഹിക്കാനും ശപിക്കാനും ഉള്ള മാന്ത്രിക ശക്തി, വശ്യൗഷധമാർഗങ്ങൾ, അശുദ്ധാത്മാക്കളെ പുറത്താക്കാനുള്ള ഫോർമുല, ഭവിഷ്യത്ത് പറയുവാനുള്ള നിർദേശങ്ങൾ, എന്നിവയുള്ള ചുരുളുകൾ ആയിരുന്നു. "വെള്ളിക്കാശ്" ഒരു പക്ഷേ ഗ്രീക്കു ഡ്രാച്ച്മാസ് ആയിരുന്നേക്കാം.[45] ഒരു ഡ്രാച്ച്മാ റോമൻ ദിനാർ പോലെയുള്ള ഒരു വെള്ളിനാണയം ആയിരുന്നു, അതു ഉദ്ദേശം ഒരു സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനം, ആയിരുന്നു. ആ തീയ്ക്കിരയാക്കിയതിന്റെ വില ഗണ്യമാക്കുവാൻ, നിങ്ങളുടെ പ്രദേശത്തെ ഒരാളുടെ ദിവസക്കൂലിയെ അമ്പതിനായിരം കൊണ്ട് ഗുണി

ക്കുക! നൂറുകണക്കിനോ, ആയിരക്കണക്കിനോ അല്ല, ലക്ഷക്കണക്കിനു രൂപ വിലയുള്ളവയാണ് അവർ തീയ്ക്കിരയാക്കിയത്!

അവർ ആ പുസ്തകങ്ങൾ വിറ്റ് കിട്ടുന്ന പണം കർത്താവിന്റെ വേലക്ക് ഉപയോഗിക്കാമായിരുന്നില്ലേ എന്ന് ചില ആളുകൾ വിചാരിച്ചേക്കാം. ആ "എഫെസ്യ അക്ഷരങ്ങളെ" കത്തിച്ചവർ ഒരു പ്രസ്താവന നടത്തുകയായിരുന്നു: അവരുടെ കഴിഞ്ഞ കാലം തീർന്നു, അത് എല്ലാവരും അറിയണമെന്ന് അവർ ആഗ്രഹിച്ചു! (മത്തായി 3:8.) കൂടാതെ, ആ മ്ലേഛമായ രേഖകൾ മറ്റൊരു ജീവിതത്തെയും ശാപത്തിലെത്തിക്കാതിരിക്കാൻ അവർ ആഗ്രഹിച്ചു.

തൽഫലമായി, "ഇങ്ങനെ കർത്താവിന്റെ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു" (വാക്യം 20).[46] എഫെസൊസിന്റെ വെല്ലുവിളിയെ അവർ അവിശ്വസനീയമായ വിധത്തിൽ നേരിട്ടു.

### തുടരുന്ന വെല്ലുവിളി

എഫെസ്യയിലെ നിരുപയോഗ വസ്തുക്കൾ കത്തിച്ച പുക മേലോട്ട് ഉയരുന്നതു കാണുമ്പോൾ, നാം ചോദിക്കണം, "ദൈവം നമ്മുടെ ജീവിതത്തിൽ നിന്നു എന്തു പ്രായോഗികതയാണ് പ്രതീക്ഷിക്കുന്നത്?"

### സാത്താന്റെ പരിശീലനത്തോട് ഏതെങ്കിലും വിധത്തിലുള്ള ബന്ധം ഉള്ളതു വിഛേദിക്കുക

മന്ത്രവാദവുമായി നമുക്ക് എന്തെങ്കിലും ബന്ധം ഉണ്ടെങ്കിൽ അവ ഉപേക്ഷിക്കുവാനുള്ള പ്രായോഗികതയാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ക്രിസ്ത്യാനികൾക്കു യാതൊരു ബന്ധവുമില്ലാത്തതാണ് കൈനോട്ടം, ഭാവി പറയൽ, അടിയന്തിര ആന്തരശക്തി,[47] ചൂതാട്ടം എന്നിവ അല്ലെങ്കിൽ ഭാഗ്യ - പരീക്ഷണം പോലും.[48] മന്ത്രവാദങ്ങളിലെല്ലാം ധാരാളം അപകടങ്ങൾ ഉണ്ട്:

(1) ദൈവം, അറിയരുതെന്ന് ആഗ്രഹിക്കുന്ന അറിവ് ആഗ്രഹിക്കുന്നത് അപകടമാണ് (ആവർത്തനപുസ്തകം 29:29). "ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും" ബൈബിളിൽ വെളിപ്പെടുത്തിയിട്ടുണ്ട് (യോഹന്നാൻ 14:26;[49] 2 പത്രൊസ് 1:3; 2 തിമൊഥെയൊസ് 3:16, 17; കൊലൊസ്യർ 1:28). നാം ഉത്തരങ്ങൾ അന്വേഷിക്കുമ്പോൾ, "നാം പലപ്പോഴും തീർച്ചയുള്ള വഴിക്കു പകരം കുറുക്കു വഴി സ്വീകരിക്കും."[50] വിലക്കപ്പെട്ട അറിവിനുവേണ്ടിയുണ്ടായ ആഗ്രഹമായിരുന്നു മനുഷ്യന്റെ വീഴ്ച്ചക്കു കാരണമായത് എന്നോർക്കുക (ഉല്പത്തി 3:1–7).

(2) നിത്യമായ സത്യങ്ങൾ പഠിക്കുന്നതിനുപകരം അനാരോഗ്യപരമായ ആകാംഷ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നതും അപകടമാണ്. മന്ത്രവാദ "വെളിപ്പെടുത്തലുകൾ" കേന്ദ്രീകരിച്ചിരിക്കുന്നത് അപ്രധാന വിവരങ്ങളിലാണ്; എന്നാൽ ബൈബിൾ പാപത്തെയും രക്ഷയെയും, സ്വർഗ്ഗത്തെയും നരകത്തെയും വെളിപ്പെടുത്തുന്നു.

(3) ദൈവത്തിൽ - കേന്ദ്രീകരിക്കുന്നതിനു പകരം നമ്മുടെ ജീവിതം മനുഷ്യരിൽ - കേന്ദ്രീകരിക്കുന്നത് അപകടമാണ്. മന്ത്രവാദ ലോകം പറയുന്നതു, "കാര്യപരിപാടികളിൽ നിങ്ങൾക്കു നിങ്ങളുടെ വ്യക്തിപരമായ

പ്രശ്നങ്ങളാണ് വലുത്, നിങ്ങളുടെ പരിശ്രമത്താൽ നിങ്ങൾക്ക് അതു പരിഹരിക്കാൻ കഴിയും." എത്രത്തോളം ഒരാൾ മന്ത്രവാദത്തിലേക്കു പോകുന്നുവോ അത്രത്തോളം അയാൾ ദൈവത്തിൽ നിന്നകലുന്നു.

(4) തിന്മയുടെ നിയന്ത്രണത്തിനു നമ്മുടെ മനസിനെ തുറന്നു വിട്ടു കൊടുക്കുന്നതു അപകടമാണ്. ഒരാൾ മന്ത്രവാദ ലോകത്തിലേക്കു കടക്കുമ്പോൾ, അയാൾ പിശാചിന്റെ പ്രദേശത്തേക്കു പ്രവേശിക്കുന്നു. അനവധി മന്ത്രവാദ പരിശീലനങ്ങളിൽ ഇഛയെ കീഴ്പ്പെടുത്തുന്നതു ഉൾപ്പെട്ടിരിക്കയാണ് ("നിങ്ങളുടെ മനസിനെ ശൂന്യമാക്കി വിടുക," മുതലായവ). ഓരോ മന്ത്രവാദ പരിശീലനവും നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ പിശാചിന് അവസരം കൊടുക്കുകയാണ്. അനന്യാസ് തന്റെ ഹൃദയം പിശാചിനു വസിപ്പാൻ വിട്ടുകൊടുത്തു (പ്രവൃത്തികൾ 5:3 നോക്കുക[51]); നിങ്ങൾ അനുവദിച്ചാൽ അവൻ നിങ്ങളുടെയുംഹൃദയത്തിൽ പ്രവേശിക്കും!

(5) സത്യത്തിൽ നിന്നു അസത്യത്തിലേക്കു നയിക്കുകയും, നഷ്ടപ്പെടുകയും ചെയ്യുന്ന അപകടം സാത്താൻ മന്ത്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഉദ്ദേശം ദൈവേഷ്ടത്തിനു വിരുദ്ധമായി ഉത്തേജിപ്പിക്കുവാനാണ്: ആളുകൾ കർത്താവിനെ അനുഗമിക്കാതെ പിശാചിനെ അനുഗമിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്; എല്ലാവരും അവനോടുകൂടെ നരകത്തിൽ നിത്യമായും വസിക്കണമെന്നാണ് സാത്താൻ ആഗ്രഹിക്കുന്നത്, സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടെയല്ല. മന്ത്രവാദത്തിൽ നിന്നു വിട്ടുനില്ക്കുവാനാണ് ദൈവം വ്യക്തമായി കല്പിച്ചിരിക്കുന്നത്!

അ - ക്രൈസ്തവർ, "ഈ ലോകത്തിന്റെ പ്രഭുവിനാൽ" കുരുടാക്കപ്പെട്ടിരിക്കയാണ് (2 കൊരിന്ത്യർ 4:4), അവർ കൈരേഖയും, ജ്യോതിഷവും നോക്കും, മനശാസ്ത്രവും, മന്ത്രവാദങ്ങളും, ഭാഗ്യ - പരീക്ഷണങ്ങൾ[52] ഉപദ്രവകരമെന്നു കരുതുന്നു, എന്നാൽ ക്രിസ്ത്യാനിയോ, ദൈവവചനത്തിൽ സന്തോഷിക്കും, മറ്റുള്ളവ ചേരപ്പാമ്പിനെ പോലെ അപകടകരമാണെന്ന് കരുതുന്നു. ക്രിസ്തീയ നയം മടികൂടാതെ "കൈ - കുടഞ്ഞു," മാറും. "ചെറിയ" രീതിയിൽ മന്ത്രവാദം നടത്തുന്നത് "ചെറിയ ഒരു" ഗർഭം പോലെയാണ്.

## കഴിഞ്ഞകാല പാപബന്ധങ്ങൾ ഒക്കെയും വിട്ടുകളയുക

നിങ്ങൾ പറഞ്ഞേക്കാം, "പക്ഷേ എനിക്ക് മന്ത്രവാദവുമായി ഒരു ബന്ധവുമില്ല." നിങ്ങൾക്കു ഇല്ലെങ്കിലും, നമ്മുടെ പുസ്തകത്തിൽ നിങ്ങൾക്കു ഒരു സന്ദേശം ഉണ്ട്: നിങ്ങളുടെ കഴിഞ്ഞകാല പാപബന്ധങ്ങൾ എല്ലാം ഉപേക്ഷിച്ചു എന്ന് ഉറപ്പുവരുത്തുക.

സൈദ്ധാന്തികമായി, നാം മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായിത്തീർന്നപ്പോൾ എല്ലാ കഴിഞ്ഞകാല പാപങ്ങളും വിട്ടുകളഞ്ഞു (പ്രവൃത്തികൾ 2:38). പ്രായോഗിക തലത്തിൽ, എങ്ങനെയായാലും, എല്ലാം ഉടനെ ഉപേക്ഷിക്കാൻ കഴിഞ്ഞെന്നു വരികയില്ല. എഫെസൊസിൽ ഉള്ള നിരവധിപേർ തങ്ങളുടെ മന്ത്രവാദ ബന്ധം അപ്പോഴും നിലനിർത്തി എന്നു വിശ്വസിച്ചിരിക്കുന്നു (19:18).[53] അതുപോലെ, നമ്മെ ആകർഷിക്കുന്ന ശക്തമായ പാപത്തിൽ നാം കടിച്ചു തൂങ്ങിയേക്കാം.

അതു നുണ പറയുന്നതുമുതൽ നമ്മുടെ ആദായ നികുതി കൊടുക്കാതിരിക്കൽ, അശ്ലീല ചിത്രങ്ങൾ കാണുന്നതും മോഹചിന്തകൾ ആസ്വദിക്കുന്നതു വരെ ആകാം.

ഒരു യുവാവ് സ്നാനപ്പെട്ട് ആഴ്ച്ചകൾക്കുശേഷം, അയാൾ ഒരുപെട്ടി നിറച്ച് *പ്ലേബോയ്* മാഗസീൻസ് പ്രീച്ചറുടെ ഭവനത്തിലേക്കു കൊണ്ടുവന്നു. അയാൾ പറഞ്ഞു, "ഞാൻ ക്രിസ്ത്യാനിയായി തീർന്നതുകൊണ്ട് എനിക്ക് ഇതൊന്നും വെച്ചുകൊണ്ടിരിക്കാൻ സാദ്ധ്യമല്ല" പ്രീച്ചറും അയാളും, ഒരുമിച്ച് അവ കളഞ്ഞു. പിന്നെയും പല ആഴ്ച്ച കൾ കടന്നുപോയപ്പോൾ ഒരുദിവസം ആ യുവാവ് പ്രീച്ചറുടെ അടുക്കൽ ഒരു വലിയകവർ കൊണ്ടുവന്നുവെച്ചു, ഒരു ഇളിഭ്യതയോടെ പറഞ്ഞു, "ഈ ചിത്രങ്ങൾ ഞാൻ ആ മാസികകൾ കൊണ്ടുവന്നപ്പോൾ അവയിൽ നിന്നു വെട്ടി എടുത്തവയായിരുന്നു" കഴിഞ്ഞകാല പാപങ്ങൾ മുഴുവനും ഒറ്റയടിക്ക് ഉപേക്ഷിക്കാൻ പ്രയാസമാണ്.

നമ്മിൽ ചിലർ നമ്മുടെ നിരുപയോഗ വസ്തുക്കൾ തുറസായ സ്ഥലത്തു കത്തിക്കുവാൻ പാപസംബന്ധമായ ചിന്തകളും സ്വഭാവങ്ങളും നമ്മുടെ ഹൃദയങ്ങളിലും ജീവിതത്തിലും സൂക്ഷിച്ചിട്ടുള്ളത് "തീക്കിരയാക്കണം"!

**ഉപസംഹാരം**

എഫെസ്യർ മന്ത്രവാദപരിശീലനത്തിൽ തെറ്റുകാരായിരുന്നു, എന്നാൽ ആത്മാവുള്ള ലോകത്തിലെ അവരുടെ വിശ്വാസം ശരിയായിരുന്നു. പൗലൊസ് പിന്നീട് അവർക്കെഴുതി:

> പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ, കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ (എഫെസ്യർ 6:11, 12).

മനുഷ്യന്റെ ഇച്ഛക്കു വിരുദ്ധമായി ശരീരത്തെ നിയന്ത്രിക്കുവാൻ ഭൂതങ്ങൾക്ക് കഴിയുകയില്ല, എന്നാൽ അതിനർത്ഥം സാത്താന് നമ്മുടെ ജീവിതത്തെ കീഴ്പ്പെടുത്താൻ കഴിയുകയില്ല എന്നല്ല. ദുഷ്ടശക്തികൾക്ക് അത്ഭുതങ്ങൾ (നന്മയുടെ ശക്തിക്കു ചെയ്യാൻ കഴിയുന്നതിനേക്കാൾ), ചെയ്യാൻ കഴിയുകയില്ല എന്നല്ല (വെളിപ്പാട് 20:10). നമ്മുടെ "പ്രതിയോഗിയായ, പിശാച്" ഇപ്പോഴും "അലറുന്ന സിംഹം എന്ന പോലെ, ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു" (1 പത്രൊസ് 5:8). "നാം അവന്റെ തന്ത്രങ്ങളെ അറിയാത്തവരല്ലല്ലോ" (2 കൊരിന്ത്യർ 2:11).

നാം കർത്താവിനോടു ചേർന്നു നിന്നാൽ പിശാചിനെ ഭയപ്പെടേണ്ടതില്ല (യാക്കൊബ് 4:7). യോഹന്നാൻ നമുക്ക് ഈ ഉറപ്പു നല്കിയിരിക്കുന്നു: "... നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവൻ അല്ലൊ" (1 യോഹന്നാൻ 4:4). മറിച്ച്, ക്രിസ്തു നിങ്ങളിൽ *ഇല്ല* എങ്കിൽ,

ലോകത്തിലുള്ളവൻ നിങ്ങളേക്കാൾ ശക്തൻ തന്നെ! ഇതു നാം നിസ്സാരമായി കാണേണ്ട കാര്യമില്ല. ആത്മിയ പോരാട്ടത്തിൽ ജയിക്കുവാൻ കർത്താവിന്റെ സഹായം നിങ്ങൾക്കു ലഭിക്കും! നിങ്ങൾ അവന്റെ പേർ സ്നാനപ്പെട്ട് അവനെ ധരിച്ചു സ്വീകരിച്ചിട്ടില്ലെങ്കിൽ (ഗലാത്യർ 3:26, 27), നിങ്ങൾ അതു ഉടനെ ചെയ്യുക. ചെയ്തു എങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ പിശാചിനു കടന്നു കൂടുവാനുള്ള എന്തെങ്കിലും ഉണ്ടെങ്കിൽ, എഫെസ്യർ ചെയ്തതുപോലെ ധൈര്യപൂർവ്വം മുന്നോട്ടു വന്നു ചെയ്യണം: സഹോദരന്മാരുടെ മുമ്പിലേക്കു വരിക, "[നിങ്ങളുടെ] പരിശീലനങ്ങൾ ഏറ്റുപറഞ്ഞു അറിയിച്ച് ഉപേക്ഷിക്കുക" (പ്രവൃത്തികൾ 19:18; പ്രവൃത്തികൾ 8:24;[54] യാക്കൊബ് 5:16)!

---

കുറിപ്പുകൾ

[1]അമേരിക്കൻ ഹെറിറ്റേജ് *ഇലക്ട്രോണിക് ഡിക്ഷ്ണറി*, തേർഡ് എഡിഷൻ (1992), എസ്.വി. "ഒക്കൾട്ട്." [2]ഗ്യാരി വിൽബൺ, "പ്രിഫെയ്സ്," *ദ ഫോർട്ടൂൺ ടെല്ലേഴ്സ്* (ഗ്ലെൻഡയിൽ, കാലിഫ്.: ഗോസ്പെൽ ലൈറ്റ് പബ്ലിക്കേഷൻസ്, 1972), എൻ.വി. [3]"കോസെനേജ്" സൂചിപ്പിക്കുന്നതു മന്ത്രവാദിയുടെ വഞ്ചനയാണ്. [4]അനേകം ഇന്ദ്രജാലക്കാർ അവരുടെ പ്രവൃത്തികളാൽ ചെപ്പടി വിദ്യ കാണിക്കും, "ചെപ്പടിവിദ്യ" അവരുടെ ഇന്ദ്രജാലത്തിന്റെ ഒരു ഘടകമാണ്. "ചെപ്പടി വിദ്യക്കു" ലക്ഷ്യാർത്ഥമില്ല. [5]ഷെയ്ക്സ്പിയർ, *ദ കോമെഡി ഓഫ് എറേഴ്സ്*, 1.2.97–102. [6]ഇതു തെസ്സലൊനിക്യയിലെ മൂന്നാഴ്ച്ചയുമായി താരതമ്യം ചെയ്യുക (17:2, 3). [7]ദൈവ - ഭക്തരായവർക്കിടയിൽ അവനു സാധാരണ ഉണ്ടായത്ര വിജയം ഉണ്ടായില്ല എന്നതിനും സാദ്ധ്യതയുണ്ട്, അതുകൊണ്ട് യെഹൂദന്മാർക്കു അത്ര പെട്ടെന്നു അസൂയ ജനിച്ചില്ല. [8]"പ്രവൃത്തികൾ, 1–ാം" ലക്കത്തിൽ പ്രവൃത്തികൾ 1:3 ന്റെ നോട്ടുകൾ നോക്കുക. [9]ചില തർജ്ജിമകളിൽ "അവിശ്വസിക്കുന്ന" അല്ലെങ്കിൽ അതിനോടു തുല്യമായതാണ്. ഗ്രീക്ക് വാക്ക് അനുസരണക്കേടായിട്ടാണ് സൂചിപ്പിക്കുന്നത് എന്നാൽ അതിന്റെ പിന്നിൽ അവിശ്വാസമാണുള്ളത്. രക്ഷിക്കുന്ന വിശ്വാസം അനുസരണവുമായി ബന്ധപ്പെട്ടതാണ്. [10]"പുരുഷാരം" എന്നതിന്റെ ഗ്രീക്ക് തർജ്ജിമക്ക് സാങ്കേതികമായ മതപരമായ ഒരു സമൂഹം എന്ന അർത്ഥവുമുണ്ട്. അതുകൊണ്ട് വാക്യം 9-ൽ ചില തർജ്ജിമകളിൽ "ഇടവകക്കു മുൻപിൽ" എന്നാണ്. എന്റെ ഊഹം ശരിയാണെങ്കിൽ എൻ.എ.എസ്.ബി. തർജ്ജിമ, "പുരുഷാരം," എന്നതാണ് ശരി.

[11]അമേരിക്കയിൽ സഭയുടെ പ്രാരംഭഘട്ടത്തിൽ ഒരു ഉപദേഷ്ടാവ് പുതിയ സ്ഥലത്ത് ചെന്നാൽ, ഒരു സ്ക്കൂൾ കണ്ടെത്തി, അവിടെ എല്ലാ രാത്രിയും പ്രസംഗിക്കും. ഇങ്ങനെയാണ് നൂറുകണക്കിന് സമൂഹങ്ങളിൽ സഭ ആരംഭിച്ചത്. [12]"സ്കൂൾ" എന്നതിനു ഉപയോഗിച്ച ഗ്രീക്ക് വാക്ക് "ലഷർ" അല്ലെങ്കിൽ "ഫ്രീ ടൈം" എന്നിവയോടു ബന്ധപ്പെട്ടിരിക്കുന്നു. ചിലർ വിചാരിക്കുന്നതു തുറന്നൊസിന്റെ പാഠശാല ഒരു ജിംനേഷ്യം നടത്തുന്നതായിരുന്നു എന്നാണ്. ഇന്നത്തേതിൽ നിന്നും, വ്യത്യസ്തമായി അന്ന്, ജിംനേഷ്യം ശരീരത്തിനും മനസിനും ഒരുപോലെ പ്രയോജനപ്പെട്ടിരുന്നു; അവ അഭ്യാസത്തിനും പഠനത്തിനും ഉപയോഗിച്ചിരുന്നു. [13]തുറന്നൊസ് ക്രിസ്ത്യാനിയായതുകൊണ്ട് പാഠശാല സൗജന്യമായി പൗലൊസിനു ഉപയോഗിക്കാൻ അനുവദിച്ചതുമാകാം. [14]അങ്ങനെയെങ്കിൽ,അതു പരിഹാസമാകണമെന്നില്ല. പൊരുത്തമില്ലാത്ത ബന്ധത്തെ കാണിക്കുവാൻ ചിലപ്പോൾ കഠിനമായ പരിഹാസപ്പേര് വിളിച്ചിരുന്നു. [15]ഈ കൂട്ടിച്ചേർക്കൽ നല്ല തർജ്ജിമകളിൽ ഇല്ലെങ്കിലും, മിക്ക പണ്ഡിതന്മാരും വിചാരിക്കുന്നത് സാഹചര്യമനുസരിച്ച് ആ പ്രസ്താവന ശരിയാണ് എന്നാണ്. [16]ഒരു പുരാതന എഴുത്തുകാരൻ പറഞ്ഞു, "രാത്രി

1 മണിയിലേതിനേക്കാൾ കൂടുതൽ ആളുകളും ഉച്ചക്ക് 1 മണിക്ക് ഉറങ്ങും" എന്നാണ് (ബൈ എഫ്.എഫ്. ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഇഡി [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി.ഏർഡ്മാൻ പബ്ലിഷിംഗ് കമ്പനി., 1988], 366). [17]പൗലൊസിന്റെ മൂന്നാം മിഷണറി യാത്രയുടെ പടം നോക്കുക. [18]ആസ്യയിൽ നിന്നുള്ള തിഹിക്കൊസും ത്രോഫിമോസും പിന്നീട് പൗലൊസിനോടുകൂടെ യാത്ര ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്തു (പ്രവൃത്തികൾ 20:4; മറ്റു വാക്യങ്ങളും); ഒരുപക്ഷേ, അവരും, പൗലൊസിനാൽ പരിവർത്തനം ചെയ്തു പരിശീലിക്കപ്പെട്ടവരാകാം. [19]എപ്പഫ്രാസ് സ്പഷ്ടമായും പൗലൊസിനോടുകൂടെ കുറെ യാത്ര ചെയ്തിട്ടുണ്ട് അവൻ പൗലൊസിനോടു കൂടെ റോമിൽ ഉണ്ടായിരുന്നു (കൊലൊസ്യർ 4:12, 13 കൂടാതെ അവനെ "സഹബദ്ധൻ" എന്നും പറഞ്ഞിട്ടുണ്ട് ഫിലെമോൻ 23). [20]ഒരിക്കൽ കൂടെ, ഡോ. ലൂക്കൊസ് രോഗവും ഭൂത - ബാധയും തമ്മിലുള്ള വ്യത്യാസം കാണിക്കുന്നു.

[21]ബ്രൂസ്, 366. [22]വില്യം ബാർക്ലേ, *ദ ആക്സ് ഓഫ് അപ്പൊസ്തൽസ്*, ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരിസ്, റെവ. ഇഡി (ഫിലെദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 142. [23]ഈ "അസാധാരണ അത്ഭുതങ്ങൾ" നമ്മെ ഓർപ്പിക്കുന്നതു യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു സൗഖ്യമായതാണ് (മർക്കൊസ് 5:25–29; 6:56). കൂടാതെ പത്രൊസ് കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും വീഴേണ്ടതിനു രോഗികൾ കാത്തുകിടക്കുമായിരുന്നു ("പ്രവൃത്തികൾ 1-ാം" ലക്കത്തിലെ 5:15 ന്റെ നോട്ടുകൾ നോക്കുക). [24]"പ്രവൃത്തികൾ 1-ാം" ലക്കത്തിലെ 4:6 ന്റെ നോട്ടുകൾ നോക്കുക. "മുഖ്യ പുരോഹിതൻ" എന്നതിന്റെ ഗ്രീക്കു തർജ്ജിമ ബഹുവചനത്തിൽ വരുമ്പോഴ "മുഖ്യ പുരോഹിതന്മാർ" എന്നു പറഞ്ഞിട്ടുള്ളു (മത്തായി 2:4; മുതലായവ). (ഇവിടത്തേ പോലെ) ഏകവചനം സാധാരണ തർജ്ജിമചെയ്തത് "മഹാപുരോഹിതൻ" എന്നാണ് (പ്രവൃത്തികൾ 4:6; മുതലായവ). അങ്ങനെ കെ.ജെ.വി യിൽ "മഹാപുരോഹിതൻ" എന്നാണ്. എങ്ങനെയായാലും, ഒരിക്കലും സ്കേവയെ പുരോഹിതനായി വിളിച്ചിട്ടില്ല, എൻ.എ.എസ്.ബി തർജ്ജിമക്കാർ "മുഖ്യപുരോഹിതൻ" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. [25]ബ്രൂസ്, 368. [26]"ഏഴാമത്തെ മകളുടെ ഏഴാമത്തെ മകൾക്ക്" ഭാവി പറയാൻ കഴിയുമെന്ന് വിശ്വസിച്ചിരുന്നു. [27]"ഐ അഡ്ജ്വർ" എന്ന 13-ാം വാക്യത്തിലെ വാക്ക് "ഓത്ത്" എന്നതിന്റെ ക്രിയാരൂപമാണ്. [28]യെഹൂദന്മാർക്കു ഭൂതങ്ങളെ പുറത്താക്കാൻ കഴിയുമെന്ന് ബൈബിളിൽ പറയാത്തതുകൊണ്ടാണ് ഞാൻ "ക്ലെയിമിങ്ങ്" എന്ന വാക്ക് ഉപയോഗിച്ചത്. യെഹൂദന്മാർക്ക് അശുദ്ധാത്മാക്കളെ പുറത്താക്കാൻ കഴിയുമോ ഇല്ലയോ എന്നതിനെക്കുറിച്ചു യേശുവിന്റെ വാദം മത്തായി 12 ലേയും (ലൂക്കൊസ് 11 ലേയും) പോയിന്റ് എന്തെന്നാൽ യേശുവിനെ കുറ്റം ആരോപിച്ചവർ അവരുടെ സഹയെഹൂദന്മാർക്കു ഭൂതങ്ങളെ പുറത്താക്കാൻ കഴിയുമെന്ന് അവർ *വിശ്വസിച്ചിരുന്നു*. [29]ക്രിയാരൂപം ഒരിക്കലേ കാണുന്നുള്ളു, അതു തർജ്ജിമ ചെയ്തിരിക്കുന്നത് "ഐ അഡ്ജ്വർ [യു]," എന്നാണ്, അതായതു "ഞാൻ നിന്നെ വിശുദ്ധ ഉടമ്പടിയിലാക്കുന്നു" (മത്തായി 26:63). [30]മത്തായി 8:16; മർക്കൊസ് 5:8; 9:25; ലൂക്കൊസ് 4:35 നോക്കുക.

[31]സോ - കാൾഡ് "മന്ത്രവാദം" എന്ന ചില മത വിഭാഗങ്ങളുടെ ആചാരം ദൈവത്തിൽ നിന്നുള്ളതല്ല, എന്നാൽ അത് ആരംഭിച്ചത് മദ്ധ്യകാലഘട്ടത്തിലെ അന്ധവിശ്വാസങ്ങളിൽ നിന്നാണ്. [32]പുതിയ നിയമകാലയളവിൽ, നന്മയുടെ ശക്തിക്കു മാത്രമല്ല, തിന്മയുടെ ശക്തിക്കും പരിമിതമായ - അത്ഭുതം ചെയ്യാൻ കഴിഞ്ഞിരുന്നു. അത്ഭുതം ചെയ്യുവാനുള്ള കഴിവ് രണ്ട് ശക്തികൾക്കു നിന്നു പോകുകയും, ചെയ്തു. പ്രത്യേക ലേഖനം "ഭൂതങ്ങൾ: അമാനുഷ തിന്മ പ്രവർത്തിക്കുന്നവർ" എന്നതും "പ്രവൃത്തികൾ 2-ാം" ലക്കത്തിലെ "ദൈവശക്തിയുടെ മൂന്നു പ്രദർശനങ്ങളും" നോക്കുക. [33]കൃത്രിമ അത്ഭുത - പ്രവർത്തകരുടെ ഒരു കൂട്ടം തന്നെ ശീമോനു ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത് (8:9-13) ബർ - യേശു (13:6-12). [34]ലൗകിക പരിശീലകരും അത്തരത്തിൽ തീരുമാനിച്ചിരിക്കാം. കണ്ടെടുത്ത ഒരു പുരാതന രേഖയിൽ "ഐ അഡ്ജ്വർ യു ബൈ ജീസസ്, ദ ഗോഡ് ഓഫ് ദി ഹീബ്രൂസ്" ഇതു ചില രോഗങ്ങളെ സൗഖ്യമാക്കാൻ ഉപയോഗി

ച്ചിരുന്ന മന്ത്രമാണ്. [35]ബാധിച്ചിരുന്ന മനുഷ്യനിൽ കൂടെ ആത്മാവു സംസാരിച്ചു (മർക്കൊസ് 3:11). [36]ഭൂതങ്ങൾക്കു പരിമിതമായ അമാനുഷ അറിവുണ്ടായിരുന്നു. "പ്രവൃത്തികൾ 3-ാം" ലക്കത്തിലെ പ്രവൃത്തികൾ 16:17 ന്റെ നോട്ടുകൾ നോക്കുക. [37]ചില തർജ്ജിമകളിൽ "അവ രണ്ടും," ഉണ്ട്. അതിൽ നിന്നും അവരിൽ രണ്ടുപേരാണ് ഈ പരീക്ഷണം നടത്തിയത് എന്നാണ്. "അവയെല്ലാം" ഗ്രീക്കിൽ എൻഎ എസ്ബി തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "രണ്ടു" അല്ലെങ്കിൽ "രണ്ടോ അതിലധികമോ" എന്നാണ്. [38]അമേരിക്കയിലെ അടുത്ത സമയത്തുള്ള പദപ്രയോഗം "വാനാഹേസ്" (അതായതു "വാൺഡ് ടുബിസ്"). [39]"നേക്കഡ്" എന്നത് ഗ്രീക്കിൽ "വസ്ത്രം കൂടാതെ" എന്നല്ല അർത്ഥമാക്കുന്നത്. "വേണ്ടത്ര വസ്ത്രം" ഇല്ലാതെ എന്നാണർത്ഥം. ആ ഏഴുപേർ, അവരുടെ, മേന്മ, മാത്രമല്ല നഷ്ടമായതു അവരുടെ സങ്കോചവും നഷ്ടമായി എന്നു തോന്നുന്നു. [40]ബ്രൂസ്, 368.

[41]സന്ദർഭം സൂചിപ്പിക്കുന്നതു സഭ പരസ്യമായി കൂടി വന്നപ്പോൾ അംഗങ്ങൾ - അല്ലാത്തവരും സന്നിഹിതരായിരുന്നു എന്നാണ്. അതിനുപുറമേ, എന്തുകൊണ്ടാണെന്നോ എവിടെയാണെന്നോ ആരാധനയെക്കുറിച്ചു പറഞ്ഞിട്ടില്ല. [42]എൻ.എ.എസ്.ബി കാലത്തിന്റെ പ്രവൃത്തി കൃത്യമായി പറയുന്നുണ്ട്. [43]"തമാശക്കു" പോലും മന്ത്രവാദത്തിന്റെ (ഡിക്രീസ്) അമാനുഷത്തെ അവർ രഹസ്യമാക്കി തന്നെ വെക്കും "ആ രഹസ്യം" വെളിപ്പെടുകയില്ല. സാധാരണ, സൂത്രത്തിന്റെ വില പലപ്പോഴും ചെയ്യുന്ന ആളുടെ കഴിവിനില്ല, പിന്നെയോ, "സൂത്രം എങ്ങനെ ചെയ്യുന്നു" എന്നതിനാണ്. വിലക്കു വാങ്ങുന്ന സൂത്രം മടക്കിക്കൊടുക്കാൻ സാദ്ധ്യമല്ല, കാരണം "ഇപ്പോൾ ആ രഹസ്യം നിങ്ങൾക്ക് അറിയാം" മാന്ത്രിക രഹസ്യം പരസ്യമാക്കുന്നത് ഒരു മാന്ത്രികനെ സമൂഹത്തിൽ നിന്നു പുറത്താക്കുന്നതുപോലെയാണ്. [44]"ക്ഷുദ്ര പ്രയോഗം നടത്തിയിരുന്ന ... പലരും" എന്നതിൽ എല്ലാവരും ക്രിസ്ത്യാനികൾ ആയിരുന്നേക്കാം, എന്നാൽ പലരും, എന്നതു അധികം, അല്ലെങ്കിൽ എല്ലാവരും അ - ക്രൈസ്തവർ ആയിരിക്കാനാണ് സാധ്യത. [45]എൻഐവി നോക്കുക. [46]ഇതു ലൂക്കൊസിന്റെ അഞ്ചാമത്തെ പുരോഗമന പ്രസ്താവനയാണ്. [47]മിൽട്ടൻ ബ്രാഡ്‌ലെ ഗെയിം കമ്പനി കിജാ ബോർഡ് ഒരു ഗയിം ആയി വില്ക്കുന്നുണ്ട്, അത് ഒരു മന്ത്രവാദ ഉപകരണമാണ്. [48]ലോകത്തിന്റെ ഏതു ഭാഗത്തും ഇതു വ്യക്തിപരമാക്കാം; ഒരു പ്രത്യേക സ്ഥലത്തു പൊതുവിൽ പരിശീലിക്കുന്ന മന്ത്രവാദം പറയാം. [49]ഇതു അപ്പൊസ്തലന്മാർക്കുള്ള വാഗ്ദാനം ആയിരുന്നു, നമുക്കല്ല; യേശു അപ്പൊസ്തലന്മാർക്കു നല്കിയ വാഗ്ദാനം നിറവേറിയതായി 2 പത്രൊസ് സൂചിപ്പിക്കുന്നു. [50]റിക്ക് ആച്ച്‌ലെ, "ഗെറ്റ് ദ ഡെവിൾ ഔട്ട് ഓഫ് ദ വേ," 1986 ജനുവരി 1 ന് ടെ ക്സാസിലെ, അബിലീനിൽ, സതേൺഹിൽ ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ചത്.

[51]"പ്രവൃത്തികൾ 1-ാം" ലക്കത്തിലെ 5:3 ന്റെ നോട്ടുകളും "പ്രവൃത്തികൾ 2-ാം" ലക്കത്തിലെ "ഭൂതങ്ങൾ: അമാനുഷദുഷ്ട ശക്തികൾ" എന്നതു നോക്കുക. [52]ഒരിക്കൽ കൂടെ, പ്രത്യേക സദസിനു യോജിക്കുന്ന വിധത്തിൽ വ്യക്തിപരമാക്കുക. [53]ചില എഴുത്തുകാർ എഫെസ്യ ക്രിസ്ത്യാനികൾ അപ്പോഴും മന്ത്രവാദം പരിശീലിച്ചിരുന്നു എന്നു വിശ്വസിക്കുന്നില്ല. അവർ പരിശീലിച്ചാലും ഇല്ലെങ്കിലും, അവരുടെ കയ്യിൽ മന്ത്രവാദ പുസ്തക ചുരുളുകൾ ഉണ്ടായിരുന്നു, അതു ഏറ്റു പറയാതെ മന്ത്രവാദലോകവുമായി അവർക്കു ബന്ധമുണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്നു. [54]"പ്രവൃത്തികൾ 2-ാം" ലക്കത്തിലെ 8:24 നോക്കുക.